7533
2/8/14

**കേരള സർക്കാർ**

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പ് മുഖേന 2014-15 വർഷം ഭവന നിർമ്മാണ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നല്കിക്കൊണ്ടും ഭൗതിക ലക്ഷ്യം നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

========================================================================

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

**സ.ഉ.(കൈ) നം. 47/2014/പജപവവി തീയതി, തിരുവനന്തപുരം, 01.08.2014**

========================================================================

പരാമർശം:

1. സ.ഉ. (കൈ) നം. 69/2013/പജപവവിവ, തീയതി 03.09.2013.
2. സ.ഉ. (കൈ) നം. 104/2013/പജപവവിവ, തീയതി 20.12.2013.
3. സ.ഉ. (കൈ) നം. 19/2014/പജപവവിവ, തീയതി 03.03.2014.
4. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 17.07.2014 ലെ ഡെവ-ബി2-9999/14(1) നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പ് മുഖേന 2014-15 സാമ്പത്തിക വർഷത്തിൽ, ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന്, ഗ്രാമസഭ/വാർഡ്സഭ ലിസ്റ്റ് ലഭിക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ പത്രപ്പരസ്യം നൽകി അപേക്ഷ ക്ഷണിച്ച് തെരഞ്ഞെടുക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടും പദ്ധതിയുടെ ഭൗതിക ലക്ഷ്യം നിശ്ചയിക്കുന്നതിനുമായി പരാമർശം (4) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു.

പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, ഭവനരഹിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി 2014-15 വർഷത്തിൽ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള ഭൗതിക ലക്ഷ്യം 3000 ആയി നിശ്ചയിച്ചുകൊണ്ടും, യഥാസമയം ഗ്രാമസഭ/വാർഡ്സഭ ലിസ്റ്റ് ലഭിക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, പത്രപ്പരസ്യം നൽകി അപേക്ഷ ക്ഷണിച്ച്, പരാമർശിത ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് അനുമതി നല്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

അപേക്ഷ ക്ഷണിക്കുന്ന കാലയളവിൽ ഗ്രാമസഭ/വാർഡ്സഭ ലിസ്റ്റ് ലഭിക്കുകയാണെങ്കിൽ ആയതിന് മുൻഗണന നല്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
അജയൻ സി.
അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി & എസ്. സെക്ടർ) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.